**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2773 10.7.2015-ൽ മറുപടിയ്ക്ക്**

**കോടശ്ശേരി - പരിയാരം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. (മീറ്റ് പ്രൊഡക്റ്റ് ഓഫ് ഇന്ത്യ ) വക സ്ഥലത്ത് നിന്ന്, കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനു സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | എ) ചാലക്കുടിയിലെ എം.പി.ഐ യുടെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക മാംസസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 3.7.2014-ൽ ബഹു. ചാലക്കുടി എം.എൽ.എ യുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും വിശദമായി സ്ഥലം പരിശോധിക്കുകയും ചെയ്തു. ആധാരത്തിൽ കാണുന്നതിലധികം ഭൂമി എം.പി.ഐ യുടെ കൈവശം പ്രസ്തുത സ്ഥലത്ത് ഉണ്ടെങ്കിൽ അത് കുടിവെള്ള പദ്ധതിക്ക് നൽകുന്നതിനും തഹസീൽദാരുടെ നേതൃത്വത്തിൽ സ്ഥലം അളക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. 22.7.2014-ൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തഹസീൽദാർക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് കത്ത് നൽകുകയും വിവരം ലഭിക്കുന്ന മുറക്ക് അതിനാവശ്യമായ തുക ഒടുക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇതിനായി . സ്ഥലം വിട്ടുനൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ? | ബി) സർവ്വേ നടത്തി ആധാരത്തിലുള്ളതിലധികം സ്ഥലം ഉണ്ട് എന്ന് കണ്ടെത്തിയാൽ കോടശ്ശേരി പരിയാരം കുടിവെള്ള പദ്ധതിക്കായി അധികമുള്ള സ്ഥലം നൽകുന്നതിനുള്ള നിയമപ്രകാരമുള്ള നടപടികൾ എടുക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ